കാളനികരം

* 94. [11] † ശ്രീ. കെ. ഹസ്സൻഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) ഹരിജനങ്ങൾക്കുവേണ്ടി മാത്രമല്ലാത്ത എത്ര കാളനികരം നമ്മുടെ സംസ്ഥാനത്തുണ്ട് ;

(ബി) ഓരോ കാളനിയിലും എത്ര കുടുംബങ്ങൾക്കാണ് സ്ഥലം അലോട്ടു ചെയ്തിട്ടുള്ളത് ;

(സി) കല്പാർ പട്ടം കാളനിയിൽ എത്ര കുടുംബങ്ങരം : ഓരോ കുടുംബത്തിനു് എത്ര ഏക്കർ വീതം അനുവദിച്ചു ;

(ഡി) കല്പാർ പട്ടം കാളനിയിൽ 139 കുടുംബങ്ങൾക്കു് നൽകിയ സ്ഥലം കൃഷിക്കു് ഉപയുക്തമല്ലാത്തതുകൊണ്ടു് വേറെ സ്ഥലം നൽകണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ;

(ഈ) നിവേദനം ലഭിച്ചിട്ടു് എത്ര കൊല്ലമായി ;

(എഫ്) അതിന്മേൽ നാളിതുവരെ എന്തു നടപടി എടുത്തു ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) 15 കാളനികരം.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 1376 കുടുംബങ്ങരം. ഓരോ കുടുംബത്തിനും ശരാശരി 5 ഏക്കർ വീതം അനുവദിച്ചിട്ടുണ്ടു്.

(ഡി) ഉണ്ടു്.

(ഈ) നാലു കൊല്ലം.

(എഫ്) വേറെ സ്ഥലം കണ്ടുപിടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. എൻ. ഭാസ്കരൻ നായർ : അമ്പലവയൽ കാളനിക്കുവേണ്ടി എത്രാമനം കെട്ടിടങ്ങരം കെട്ടിയതിനുശേഷം അതിൽ ആരും താമസമില്ലാത്തതായി അറിയുന്നു. അവിടെ ആരെയെങ്കിലും താമസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വേണ്ട നടപടികരം ഉടനെ എടുക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : ഈ പറഞ്ഞതു് വയനാടു് എക്സ് സർവ്വീസ് മെൻ കാളനിയെപ്പറ്റിയാണോ ? അവിടെയാണെങ്കിൽ വില്ലേജ് ഹൗസിംഗ് സ്കീം പ്രകാരമാണു് ഭവനങ്ങരം ഉണ്ടാക്കിയിട്ടുള്ളതു്. അവിടെ ആളുകരം താമസിച്ചിട്ടുണ്ടു്. ചിങ്ങേരി കാളനിയെപ്പറ്റിയാണു് ഉദ്ദേശിക്കുന്നതെങ്കിൽ എത്രാമനം വീടുകരം തുടങ്ങിക്കഴിഞ്ഞിട്ടുണ്ടു്. ചില വീടുകരം കംപ്ലീറ്റാക്കാൻ കഴിഞ്ഞിട്ടില്ല. 1957–58 കാലഘട്ടത്തിലാണു് കാളനികരം ആരംഭിച്ചിട്ടുള്ളതു്.

ശ്രീമതി കുസുമം : 139 കുടുംബങ്ങൾക്കു് നൽകിയ ഭൂമി കൃഷിക്കു് ഉപയുക്തമല്ലാത്തതുകൊണ്ടു് പകരം ഭൂമി ഇതുവരെ നൽകാതിരിക്കാൻ കാരണമെന്തു് ?

ശ്രീ. കെ. കുഞ്ഞമ്പു : പല സ്ഥലങ്ങളിലും ഇതിനായി ഭൂമികരം അന്വേഷിക്കുകയുണ്ടായി. പ്രത്യേകിച്ചു് ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലും റവന്യൂ ഡിപ്പാർട്ടുമെൻറിലും അന്വേഷിക്കുകയുണ്ടായി. സ്ഥലം ഇനിയും കിട്ടാത്തതുകൊണ്ടാണു് സ്ഥലം കൊടുക്കാൻ സാധിക്കാതെ വന്നതു്. ഇപ്പോഴും അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

† Put by Shri N. Bhaskaran Nair

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട് : കല്പാർ പട്ടം കാളനിയിൽ 139 കുടുംബങ്ങൾക്ക് ഭൂമി കൊടുത്തു എന്നു പറഞ്ഞു. ആ ഭൂമി കൊള്ളുകില്ല എന്നു പറയുന്നു. അങ്ങനെ കൊള്ളുകില്ലാത്ത ഭൂമി കൊടുത്തിട്ട് അവർക്ക് ഇതുവരെ പകരം ഭൂമി കൊടുത്തിട്ടില്ല. വേറെ എവിടെയെങ്കിലും ഇതിനുവേണ്ടി സ്ഥലം എടുത്തോ? ഇല്ലെങ്കിൽ കാരണമെന്താണ് ?

ശ്രീ. കെ. കുഞ്ഞമ്പു : 139 കുടുംബത്തിനു 5 ഏക്കർ വീതം വിതരണം ചെയ്യുകയും, അവരുടെ താമസസൗകര്യത്തിനും, ആയുധവായ്പയുംമറ്റുമായി രണ്ടുലക്ഷത്തിഅറുപതിനായിരം രൂപ അവർക്ക് ലോണായി കൊടുക്കുകയും ചെയ്തു. അവർ അവിടെ കൃഷി ആരംഭിക്കുകയും ചെയ്തു. ഏതാനും കൊല്ലത്തിനു ശേഷമാണ് ആ സ്ഥലം കൊള്ളുകയില്ല വേറെ സ്ഥലം വേണമെന്ന് ആവശ്യപ്പെട്ടതു്. അതുകൊണ്ടാണ് വേറെ സ്ഥലം അന്വേഷിക്കുന്നതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : പൂവൻപാറ എന്ന സ്ഥലത്താണോ ഭൂമി കൊടുത്തിട്ടുള്ളതു് ; ആ സ്ഥലം മന്ത്രി നേരിട്ട് സന്ദർശിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : ആ സ്ഥലം നേരിട്ടു സന്ദർശിച്ചിട്ടുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ആ സ്ഥലം മനുഷ്യവാസത്തിനു കൊള്ളാവുന്ന സ്ഥലമാണോ ?

ശ്രീ. കെ. കുഞ്ഞമ്പു : കുറെ കൊള്ളാവുന്ന സ്ഥലങ്ങളും അക്കൂട്ടത്തിൽ കാണും.

ശ്രീ. ടി. കൃഷ്ണൻ : 139 കുടുംബങ്ങൾക്കുവേണ്ടി 4 കൊല്ലമായി റവന്യൂ ഡിപ്പാർട്ടുമെൻറിലും, ഫോറസ്റ്റു ഡിപ്പാർട്ടുമെൻറിലും അന്വേഷിച്ചിട്ട് കിട്ടിയില്ലെന്നു പറഞ്ഞു. എന്നാൽ അമരാവതിയിൽനിന്നു കുടിയിറക്കപ്പെട്ടവർക്ക് ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം കൊടുക്കാൻ ഭൂമിയുണ്ടായിരുന്നു. കല്പാർപട്ടം കാളനിയിലെ പാവപ്പെട്ട ആളുകൾക്കു കൊടുക്കാൻ ഭൂമിയില്ല എന്നാണോ ധരിക്കേണ്ടതു്?

ശ്രീ. കെ. കുഞ്ഞമ്പു : അമരാവതിയിൽനിന്നു് ആരേയും ഇറക്കിവിട്ടിട്ടില്ല. അമരാവതിയിൽ മറ്റു സ്ഥലത്തുനിന്നു് ഇറക്കിയവരെ കുടിയിരുത്തുകയാണ് ചെയ്തതു്.

വില്ലേജ് ഹൗസിംഗ് പ്രോജക്റ്റുകൾ

* 95. [12] ശ്രീ. പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഹൗസിംഗ് പ്രോജക്റ്റുകൾ മൂന്നാം പദ്ധതിക്കാലത്തു് എത്ര സ്ഥലത്തു് ആരംഭിച്ചു ;

(ബി) തൃശ്ശൂർ ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുണ്ട് ;

(സി) അടുത്ത വർഷം തൃശ്ശൂർ ജില്ലയിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന പ്രോജക്റ്റിന്റെ സ്ഥലനിർണ്ണയം ചെയ്തുകഴിഞ്ഞുവോ ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) 28 സ്ഥലത്തു്.

(ബി) മായന്നൂർ, പഴയന്നൂർ ബ്ലോക്കുകളിലും ആനക്കര, മുല്ലശ്ശേരി ബ്ലോക്കുകളിലും.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly